കേരള സർക്കാർ

**പതിമൂന്നാം കേരള നിയമസഭ ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 209

27.06.2011 ൽ ബഹു: ധനകാര്യവും,
നിയമവും, ഭവന നിർമ്മാണവും
വകുപ്പ് മന്ത്രി മറുപടി നൽകേണ്ടത്

**ദേശീയ സമ്പാദ്യ പദ്ധതി**

| | ചോദ്യം<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ഉത്തരം<br>ബഹു: ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | ദേശീയ സമ്പാദ്യ പദ്ധതിയുമായി ബന്ധപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പ് നിയോഗിച്ച ശ്യാമളാ ഗോപിനാഥ് കമ്മിറ്റി റിപ്പോർട്ട് കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | കമ്മീഷൻ ശുപാർശകൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിൽ ആണ്. കേന്ദ്ര സർക്കാരിന്റെ തീരുമാനം വന്നതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ മറ്റു നടപടികൾ കൈക്കൊള്ളാൻ കഴിയൂ. |
| (ബി) | ഇതിൽ പണിയെടുക്കുന്ന ഏജന്റുമാരുടെ കമ്മീഷനും അലവൻസുകളും കുറയ്ക്കുവാൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട് |
| (സി) | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ഈ കമ്മീഷൻ നൽകിയ റിപ്പോർട്ട് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കമ്മീഷന്റെ ശുപാർശ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | സംസ്ഥാനത്തെ 15,000 ൽപ്പരം വരുന്ന മഹിളാ പ്രധാന്മാർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക ആനുകൂല്യം നിലനിർത്താൻ നടപടി സ്വീകരിക്കുമോ? | കേന്ദ്ര ഗവൺമെന്റ് തീരുമാനം വന്നതിന് ശേഷം മാത്രമേ കൂടുതൽ നടപടികൾ ഈ കാര്യത്തിൽ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ